പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1096

29.09.2011 - ൽ മറുപടിക്ക്

## 'പതിബെൽ' എം.സി.റോഡ് വികസന പദ്ധതിയിൽ നിന്ന് പിന്മാറാൻ ഇടയായ സാഹചര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (ബഹു.മരാമത്ത് വകുപ്പുമന്ത്രി) |
| (എ) മലേഷ്യൻ കമ്പനിയായ 'പതിബെൽ' എം.സി.റോഡ് ഒന്നാം ഘട്ട വികസനപദ്ധതിയിൽ നിന്ന് പിന്മാറാൻ ഇടയായ സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ; | (എ) എം.സി.റോഡ് വികസന പദ്ധതി പൂർത്തീകരിക്കാനുള്ള യഥാർത്ഥ സമയം 15.12.2005 ആയിരുന്നു. എന്നാൽ ലാന്റ് അക്വിസിഷനിൽ നേരിട്ട കാലതാമസം മൂലം പദ്ധതിയുടെ കാലാവധി 02.03.2006 -ൽ കൂടിയ സ്റ്റിയറിംഗ് കമ്മിറ്റി 31.12.2006 വരെ നീട്ടി കൊടുക്കുകയുണ്ടായി. പതിബെൽ കമ്പനിയ്ക്ക് ഈ സമയത്തിനുള്ളിൽ പദ്ധതി പൂർത്തീകരി ക്കാനായില്ല, തുടർന്ന് എൻജിനീയർ ആവശ്യപ്പെട്ടതനുസരിച്ച് കാലാവധി നീട്ടി നൽകുന്നതിനായി സ്റ്റീയറിംഗ് കമ്മിറ്റിയെ സമീപിച്ചപ്പോൾ വീണ്ടും കാലാവധി നീട്ടി നൽകുകയുണ്ടായില്ല. ഇതിനെ തുടർന്ന് പതിബെല്ലിന് കൊടുക്കാനുള്ള 12 കോടിയോളം രൂപ നൽകുവാൻ കഴിഞ്ഞില്ല. കാലാവധി നീട്ടി കിട്ടാത്തതിനാലും, പെയ്മെന്റ് നൽകാൻ സാധിക്കാത്തതിലും പ്രതിഷേധിച്ച് പതിബെൽ കമ്പനി പ്പണി ഉപേക്ഷിച്ചു പോകുകയാണ് ഉണ്ടായത്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത കമ്പനി ഏതെല്ലാം റോഡ് വികസനപദ്ധതികളാണ് ഏറ്റെടുത്തിരുന്നത്; | (ബി) | പ്രസ്തുത കമ്പനി തൈക്കാട് - കൊട്ടാരക്കര (46.01 കി.മീ.) കൊട്ടാരക്കര – ചെങ്ങന്നൂർ (44.40 കി.മീ.), തൈക്കാട് - എൻ.എച്ച് (12.6 കി.മീ.), ആലപ്പുഴ – ചങ്ങനാശ്ശേരി (24.10 കി.മീ.) എന്നീ റോഡുകളുടെ വികസന പദ്ധതികളാണ് ഏറ്റെടുത്തത്. ആകെ 127 കി.മി. റോഡ് വികസനമാണ് കമ്പനി ഏറ്റെടുത്തിട്ടുള്ളത്. |
| (സി) | എം.സി.റോഡ് ഒന്നാംഘട്ട വികസന പദ്ധതിയിൽ 'പതിബെൽ' കമ്പനി എത്ര കിലോമീറ്റർ റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചുവെന്ന് അറിയിക്കുമോ; | (സി) | ആകെയുള്ള 127 കി.മി. റോഡിന്റെ വികസനവും ഇതുവരെ പൂർത്തിയായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റോഡു വികസന പദ്ധതിയിൽ നിന്ന് 'പതിബെൽ' കമ്പനി പിന്മാറിയതുവഴി ഖജനാവിന് എത്ര തുകയുടെ നഷ്ടമാണ് സംഭവിച്ചത്; ഇത്രയും ഭീമമായ തുക ഖജനാവിൽ നിന്ന് നഷ്ടപ്പെടാൻ ഇടയായതിന് ഉത്തരവാദികൾ ആരെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ഇപ്പോഴുള്ള കണക്കനുസരിച്ച് പുതിയ ഉടമ്പടി പ്രകാരം പദ്ധതി തുടങ്ങിയതു മൂലം ഖജനാവിന് ഏകദേശം 20 കോടിയോളം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽ ഇതുവരെ കിട്ടിയിട്ടില്ല. എങ്കിലും മേൽ പറഞ്ഞ തുക നഷ്ടം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ലാൻഡ് അക്വിസിഷനിലുള്ള കാലതാമസമാണ് ഈ നഷ്ടം സംഭവിക്കാൻ കാരണമായതെന്ന് കണക്കാക്കപ്പെടുന്നു. ഒറിജിനൽ എഗ്രിമെന്റ് പ്രകാരം 2002-ൽ നൽകിയിരുന്ന റേറ്റിലും, എസ്കലേഷനും കണക്കാക്കി 2011 -ൽ പൂർത്തീകരിച്ചിരുന്നെങ്കിൽ ഏകദേശം 273 കോടി രൂപയുടെ ചെലവ് ഉണ്ടാകുമായിരുന്നു. എന്നാൽ പുതിയ ഉടമ്പടി പ്രകാരമുള്ള റേറ്റും, എസ്കലേഷനും കണക്കാക്കുമ്പോൾ ഏകദേശം 292 കോടി രൂപ ചെലവായതായി കാണുന്നു. |

സെക്ഷൻ ഓഫീസർ